# ക്രിസ്തുവിന്റെ ശരീരം പണിയുന്നതിൽ ത്യാഗത്തിന്റെ പ്രാധാന്യം!

സാക് പുന്നൻ

WFTW 22 ജൂൺ 2014

പൌലോസിനെപ്പോലെ ഒരാളിനുണ്ടായിരുന്ന അധികാരം ഉണ്ടാകുവാൻ നമുക്ക് എല്ലാവർക്കും ഇഷ്ടമാണ്. എന്നാൽ അത് ഉണ്ടാകുവാൻ, അദ്ദേഹം ചെയ്തതുപോലെ നമ്മളും എല്ലാം ഉപേക്ഷിക്കുകയും അതെല്ലാം ചപ്പും ചവറും എന്നെണ്ണുകയും വേണം. യേശു പിതാവിനോടു പറഞ്ഞു: "എന്റേതെല്ലാം നിന്റേതാണ്.'' അതുകൊണ്ട് അദ്ദേഹത്തിന് ഇങ്ങനെയും കൂടെ ചേർത്തു പറയാൻ കഴിഞ്ഞു "അങ്ങയുടേതെല്ലാം എന്റേതാണ്'' (യോഹ. 17:10). നമുക്കുള്ളതെല്ലാം ദൈവത്തിനു നിബന്ധനകളില്ലാതെ നൽകുമ്പോൾ, ദൈവത്തിനുള്ളതെല്ലാം നിബന്ധനകളില്ലാതെ നമുക്കും നൽകപ്പെടും. ഇതുകൊണ്ടാണ് അനേക ക്രിസ്തീയ നേതാക്കന്മാരും ആത്മീയ അധികാരത്തിന്റെ കാര്യത്തിൽ വളരെ ദരിദ്രരായിരിക്കുന്നത്: അവർ തങ്ങൾക്കുള്ളതെല്ലാം ദൈവത്തിനു നൽകിയിട്ടില്ല. യോഹ. 2:23-25ൽ നാം വായിക്കുന്നത് അനേകർ യേശുവിൽ വിശ്വസിച്ചെങ്കിലും, യേശു അവനെ തന്നെ അവരുടെ പക്കൽ വിശ്വസിച്ചേൽപിച്ചില്ല. നാമും, കർത്താവിനു വിശ്വസിച്ചേൽപിക്കാൻ കഴിയാതിരുന്ന ആളുകളുടെ കൂട്ടത്തിലാകാം. കാരണം നമ്മിലുള്ളതെന്താണെന്നും നമ്മുടെ ലക്ഷ്യം എന്താണെന്നും അവൻ കാണുന്നു.

നമ്മുടെ ജോലിയും ക്രിസ്തുവിന്റെ ശരീരം പണിയുന്നതും തമ്മിൽ ഒരു തിരഞ്ഞെടുപ്പു നടത്തേണ്ടി വന്നാൽ, നാം ഏതു തിരഞ്ഞെടുക്കും? സഭ പണിയുന്നതിനു കൂടുതൽ സമയം ലഭിക്കേണ്ടതിനായി നമ്മുടെ ഭൌതിക ജോലിയിലുള്ള പുരോഗതി വേണ്ടെന്നു വയ്ക്കുവാൻ നാം മനസ്സുള്ളവരാണോ? അങ്ങനെയല്ലെങ്കിൽ എന്തുകൊണ്ട് ദൈവം തന്നെതന്നെ നമ്മുടെ പക്കൽ വിശ്വസിച്ചേൽപിക്കണം? കർത്താവിന്റെ ആളുകൾക്കായി നമ്മുടെ ഭവനം തുറന്നു കൊടുക്കാൻ നമുക്കു മനസ്സുണ്ടോ? അതോ നമ്മുടെ സൌകര്യവും, സ്വാകാര്യതയുമാണോ നമുക്കു കൂടുതൽ പ്രാധാന്യമുള്ളത്? ഏതെങ്കിലും മേഖലകളിൽ നാം നമ്മുടെ സ്വന്തം അന്വേഷിക്കുന്നെങ്കിൽ, നാം അതിനുവേണ്ടി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താലും നമുക്കു ദൈവത്തിൽനിന്ന് ആത്മീയാധികാരം ലഭിക്കുകയില്ല. ദൈവത്തെ ആർക്കും കബളിപ്പിക്കാൻ സാധിക്കുകയില്ല.

ക്രിസ്തുവിന്റെ ശരീരം നമുക്ക് പണിയാൻ ആഗ്രഹമുണ്ടെങ്കിൽ, എല്ലാ കാര്യങ്ങളും അതെ എല്ലാ കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ ദൈവരാജ്യത്തോടു രണ്ടാം സ്ഥാനത്തായിരിക്കണം. ദൈവത്തിനു മുഖപക്ഷമില്ല. നാം എല്ലാവരും അവന് ഒരുപോലെയാണ്. മറ്റുള്ളവർക്കു ചെയ്യുന്നത് അവിടുന്നു നമുക്കും ചെയ്യും. യേശുവും പൌലൊസും അവരുടെ ശുശ്രൂഷകളിൽ ദൈവത്താൽ ശക്തമായി സാക്ഷ്യപ്പെടുത്തപ്പെട്ടു, കാരണം അവർ ഒരു വില കൊടുത്തിരുന്നു. നാമും അതേ വില കൊടുക്കാൻ മനസ്സുള്ളവരാണെങ്കിൽ ദൈവം നമുക്കുവേണ്ടിയും അതുപോലെ തന്നെ ചെയ്യും.

നമുക്കു സഭയെ പണിയണമെങ്കിൽ നമ്മുടെ പണവും സമ്പാദ്യങ്ങളും പോലും ദൈവത്തിനുള്ളതായിരിക്കണം. ദൈവം നോഹയോടു പെട്ടകം പണിയാൻ ആവശ്യപ്പെട്ടപ്പോൾ, ഇത്രയും വലിയ ഒരു കപ്പൽപണിയുന്നതിനുള്ള ചെലവ് ആർ കൊടുക്കും എന്നു നോഹ ദൈവത്തോടു ചോദിച്ചില്ല. അവൻ ആ ചോദ്യം ചോദിച്ചിരുന്നെങ്കിൽ ദൈവം അവനോടു പറയുമായിരുന്നു. "നോഹ, അതിനുവേണ്ടി നീ തന്നെ കൊടുക്കണം. വേറെ ആരാണ് അതിനുവേണ്ടി കൊടുക്കാനുള്ളത്?'' എന്നാൽ നോഹയ്ക്ക് അതു നേരേത്തെ തന്നെ അറിയാമായിരുന്നുതുകൊണ്ട് അവന് അതു ചോദിക്കേണ്ട ആവശ്യമില്ലായിരുന്നു. നമുക്കതറിയാമോ എന്നാണ് ചോദ്യം. പെട്ടകം പണിയാൻ നോഹയ്ക്ക് അവന്റെ സ്വന്തം വസ്തുക്കൾ വില്ക്കേണ്ടി വന്നുകാണും. ദൈവത്തിന്റെ വേലയ്ക്ക് പണം നൽകേണ്ടതിനായി വ്യക്തിപരമായ വസ്തുക്കൾ, വിൽക്കുവാൻ മനസു കാണിക്കുന്ന എത്ര ദൈവദാസന്മാരെ നമുക്കു കാണാൻ കഴിയും? ദൈവത്തിനു തങ്ങളുടേതെല്ലാം കൊടുക്കാത്തവർ കണ്ടെത്തും, ദൈവം തനിക്കുള്ളതെല്ലാം അവർക്കും കൊടുക്കുന്നില്ല എന്ന്.

മിക്ക ദൈവദാസന്മാരുടെയും കാര്യത്തിൽ അവരുടെ മനോഭാവം, ഇതു ദൈവത്തിന്റെ വേലയാണെങ്കിൽ അതിനുള്ള പണം മറ്റെവിടെ നിന്നെങ്കിലും വരണം. അവരുടെ സ്വന്തം പോക്കറ്റിൽ നിന്നല്ല എന്നാണ്. സ്തോത്രക്കാഴ്ചപ്പെട്ടിയിലൂടെ വരുന്ന പണം ചെലവാക്കുന്ന കാര്യത്തിൽ അവർ അമിതവ്യയം ചെയ്യുന്നു. എന്നാൽ അവരുടെ സ്വന്തം പണം ദൈവത്തിന്റെ വേലയ്ക്കുവേണ്ടി കൊടുക്കുന്നതിൽ അമിതവ്യയം ചെയ്യുന്നില്ല. പണത്തിന്റെ പിടിയിൽനിന്ന് സ്വതന്ത്രനാകാത്ത ഒരു ദൈവദാസന്റെ ജീവിതത്തിൽ ഒരിക്കലും ഒരാത്മീയ അധികാരം ഉണ്ടാകാൻ സാധിക്കുകയില്ല.

നാം എപ്പോഴെങ്കിലും കർത്താവിനോടു പറഞ്ഞിട്ടുണ്ടോ, “കർത്താവേ, അങ്ങയുടെ വേലയാണ് എന്റെ വേല. എന്റെ സന്പാദ്യമെല്ലാം അങ്ങയുടേതാണ്. എന്റെ പണവും അങ്ങയുടെ പണവും തമ്മിൽ ഒരു വേർതിരിവു ഞാൻ ഉണ്ടാക്കുകയില്ല?’’ നാം അപ്രകാരം കർത്താവിനോട് (അത് അർത്ഥമാക്കി) പറഞ്ഞിട്ടില്ലെങ്കിൽ നാം ഇപ്പോഴും പഴയ ഉടന്പടിയുടെ കീഴിലാണ്, അവിടെ അവരുടെ പണത്തിന്റെ 10% ദൈവത്തിനുള്ളതും 90% അവർക്കു തന്നെയുള്ളതുമാണ്. ഒരു പ്രാവശ്യം അവർ 10% കൊടുത്തു കഴിഞ്ഞാൽ പിന്നെ അവരുടെ കടപ്പാട് തീർന്നു.

എന്നാൽ യേശു വന്നത് അവന്റെ വരുമാനത്തിന്റെ 10% മാത്രം പിതാവിനു കൊടുക്കാനല്ല. അവൻ വന്നത് ഒരു പുതിയ ഉടന്പടി സ്ഥാപിക്കുവാനും ഒരു പുതിയനിയമ സഭ പണിയുവാനുമാണ്. അതുകൊണ്ട് അവൻ 100% അവന്റെ പിതാവിനു കൊടുത്തു. എന്നിട്ട് ഇപ്പോൾ നമ്മോടു പറയുന്നു: “എന്നെ അനുഗമിക്കുക.’’ ആത്മീയ അധികാരം ഉണ്ടാകുവാൻ കഴിയുന്ന ഒരേ ഒരുവൻ, തന്റെ സകലവും ദൈവത്തിനു കൊടുത്തിട്ടുള്ള ഒരുവനാണ്.

നമുക്ക് എന്തു വില കൊടുക്കേണ്ടി വന്നാലും ക്രിസ്തുവിന്റെ ശരീരം പണിയുവാൻ തയാറായിരിക്കണം - ആ വില നമ്മുടെ പണം, മാനം, നമ്മുടെ സൌകര്യം, നമ്മുടെ ശാരീരികഓർജ്ജം, നമ്മുടെ പ്രശസ്തി, നമ്മുടെ ജോലി അല്ലെങ്കിൽ മറ്റെന്തായാലും. കർത്താവിനുവേണ്ടി നാം ത്യജിക്കുന്ന കാര്യങ്ങൾക്ക് ഒരു പരിധിയും ഉണ്ടാകരുത്. ഏതു കാര്യത്തിലും നമ്മുടെ സ്വന്തം സൌകര്യമോ, നമ്മുടെ സ്വന്തം സുഖമോ അന്വേഷിക്കുന്നവരല്ല. നാം ചെയ്യുന്ന എല്ലാ കാര്യവും ക്രിസ്തുവിന്റെ ശരീരം പണിയുന്നതിനോടു ബന്ധപ്പെട്ടതായിരിക്കണം. നമ്മുടെ ഭൌതികമായ ജോലിപോലും, സഭയിൽ മറ്റുള്ളവർക്കു നമ്മുടെ സാന്പത്തിക കൈത്താങ്ങൽ ഒരു ഭാരമായിത്തീരാതെ നമ്മുടെ ജീവിതം പുലർത്തുവാനുള്ള ഒരു മാർഗ്ഗം മാത്രമായിരിക്കണം.

ദൈവത്തോടുള്ള നമ്മുടെ പിശുക്കുള്ള മനോഭാവത്തിൽ നിന്ന് മാനസാന്തരപ്പെടാം. വരുന്ന ദിവസങ്ങളിൽ നമുക്കു ദൈവവിഷയമായി സമ്പന്നരായിരിക്കാം. അതിനാൽ നമുക്കു നമ്മുടെ ജീവിതത്തിൽ ആത്മീയ അധികാരം ഉണ്ടാകുവാനും നമ്മുടെ ദേശത്തു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വത്തിനായി ക്രിസ്തുവിന്റെ ശരീരം പണിയുവാനും നമുക്ക് കഴിയും.